**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2547** **12-10-2021 - ൽ മറുപടിയ്ക്ക്**

**ചെമ്പുകടവ് II പദ്ധതിയിൽ ഭൂമി ഏറ്റെടുക്കലിന് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചെമ്പുകടവ് II പദ്ധതിയ്ക്കായി ഏറ്റെടുക്കുന്ന ഭൂമിക്ക് ഇനിയും നഷ്ടപരിഹാരത്തുക ലഭിക്കാത്തവരുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ കാരണം അറിയിക്കുമോ; | (എ) | 2004-ൽ കമ്മീഷൻ ചെയ്ത ചെമ്പുകടവ് സ്റ്റേജ് II ജലവൈദ്യുത പദ്ധതിയുടെ കനാൽ അരികിലുള്ള മലയുടെ ഒരു ഭാഗം കനത്ത മഴയെതുടർന്ന് 15.08.2018-ൽ ഇടിഞ്ഞു വീഴുകയും അതിനെ തുടർന്ന് 15.02.2020-ലെ ബോർഡ് ഓർഡർ പ്രകാരം, പ്രസ്തുത മണ്ണിടിച്ചിൽ ബാധിച്ച പ്രദേശ വാസികളായ ശ്രീ.മച്ചിങ്ങൽ ബാബു എന്നിവർ അടക്കം 8 പേരുടെ 80.50 സെന്റ് സ്ഥലവും, 3 വീടുകളും 22.3 ലക്ഷം (ഇരുപത്തി രണ്ട് ലക്ഷത്തി മുപ്പതിനായിരം മാത്രം) രൂപയ്ക്ക് അക്വയർ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അതിനെ തുടർന്ന് കെ.എസ്.ഇ.ബി.എൽ- ന്റെ ലാന്റ് മാനേജ്മെന്റ് യൂണിറ്റിൽ നിന്നും ചീഫ് ലാന്റ് കോ-ഓർഡിനേറ്റർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും, സ്ഥലം കൈമാറ്റം ചെയ്യുന്നതിലേയ്ക്കായി ബന്ധപ്പെട്ട കക്ഷികളുടെ സമ്മതപത്രവും, സ്ഥലവുമായി ബന്ധപ്പെട്ട രേഖകളുടെ കോപ്പികളും ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത രേഖകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജനറേഷൻ ഡിവിഷൻ, കോഴിക്കോട് ഓഫീസിൽ നിന്നും തിരുവനന്തപുരം ലാന്റ് മാനേജ്മെന്റ് യൂണിറ്റിലേയ്ക്ക് സമർപ്പിക്കുകയും ലാന്റ് മാനേജ്മെന്റ് യൂണിറ്റ് ബോർഡിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ബി) | അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ അനന്തര നടപടികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പരിഗണന യിലാണ്. |

സെക്ഷൻ ഓഫീസർ